ക്കുന്ന പദ്ധതികൾ അടക്കം അത് നമ്മൾ തമ്മിൽ ആകട്ടെ, പ്രത്യേകിച്ച് ഇത് തടയുന്നത് ശരിയല്ല, ഗവൺമെന്റ് സ്റ്റേ പിൻവലിക്കണം. ഗവൺമെന്റ് തലത്തിൽ സ്റ്റേ ഒഴിവാക്കിക്കൊടുത്തുകൊണ്ട് പദ്ധതി രണ്ടാമത് ആരംഭിക്കാനുള്ള നടപടിയുണ്ടാകണം, ഇന്ന് അത് സ്റ്റേയിലാണ്, ഈ നടപടി നിർഭാഗ്യകരമായിപ്പോയി എന്നാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, ശ്രീ. എൻ.പി. മുഹമ്മദാലി 14-5-1999-ൽ സമർപ്പിച്ച പരാതിയിൽ മലപ്പുറം ജില്ലാ പഞ്ചായത്ത് വിഹിതം ചില വ്യക്തി താല്പര്യങ്ങൾക്ക് അനുസരിച്ച് ഒരു വി.സി.ബി. നിർമ്മാണത്തിനായി പാലക്കാട് ജില്ലയിൽ ചെലവഴിക്കുന്നുവെന്നും പ്രസ്തുത നിർമ്മാണത്തിൽ ഗുരുതരമായ അഴിമതി നടത്തുന്നത് തടയണമെന്നും ആവശ്യപ്പെട്ടിരുന്നു. പരാതിയെത്തുടർന്ന് പ്രാഥമികമായിട്ടുള്ള അന്വേഷണം നടത്തിയതിനാൽ വി.സി.ബി. നിർമ്മിക്കുന്നത് പാലക്കാട് ജില്ലയിലാണെന്ന് അറിയാൻ കഴിഞ്ഞതിനാൽ പ്രസ്തുത പണികൾ നിറുത്തിവയ്ക്കാൻ പഞ്ചായത്ത് സെക്രട്ടറിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നീട് തദ്ദേശഭരണവകുപ്പ് അഡീഷണൽ സെക്രട്ടറിയോട് ഇത് സംബന്ധമായി ഒരന്വേഷണം നടത്താൻ ആവശ്യപ്പെട്ടു. 24-5-1999-ൽ അദ്ദേഹം നേരിട്ട് അന്വേഷണം നടത്തി. പാലക്കാട് ജില്ലയിലെ അലനെല്ലൂർ പഞ്ചായത്തിൽപ്പെടുന്ന സ്ഥലത്താണ് ചിറയുടെ പണി നടത്തുന്നതെന്ന് ബോദ്ധ്യമായതായി അഡീഷണൽ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതിക്ക് അനുമതി നിഷേധിക്കണമെന്നും അഡ്വാൻസ് നൽകിയിട്ടുള്ള തുക ബന്ധപ്പെട്ടവരിൽനിന്ന് ഈടാക്കണമെന്നും അന്വേഷണ ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുണ്ട്. ഈ കാര്യം പരിശോധിച്ച് ആവശ്യമായിട്ടുള്ള നടപടി സ്വീകരിക്കുന്നതാണ്. ഈ പ്രവൃത്തി സംബന്ധിച്ച് കേരള ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. രാഷ്ട്രീയമായ കാരണങ്ങളാലാണ് പ്രവൃത്തി തടഞ്ഞതെന്ന് പറഞ്ഞത് അടിസ്ഥാനരഹിതമാണ്.

മി. സ്പീക്കർ : ശ്രീമതി കെ.ആർ. ഗൗരി അമ്മയുടെ സബ്മിഷൻ നാളത്തേയ്ക്ക് മാറ്റിവയ്ക്കാം.

(12) ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. ഇ.എം. അഗസ്തി : ഞാൻ സബ്മിഷന് നോട്ടീസ് കൊടുത്തത് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കണമെന്നുള്ളതിനായിരുന്നു. ശനിയാഴ്ചയും ഞായറാഴ്ചയും ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചുകൊണ്ട് ഗവൺമെന്റ് തീരുമാനമെടുക്കാൻ പോകുന്നുവെന്ന് പത്രത്തിൽ വായിക്കുവാനിടയായി, അത് സന്തോഷപ്രദമാണ്, പക്ഷേ എന്റെ സബ്മിഷൻ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കണമെന്നാണ്. ഇപ്പോൾ നമ്മുടെ സംസ്ഥാനത്ത് ലോഡ് ഷെഡ്ഡിംഗ് തുടരേണ്ട യാതൊരാവശ്യവുമില്ല. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിതന്നെ സബ്ജക്ട് കമ്മിറ്റിയിൽ നൽകിയ നോട്ട് അനുസരിച്ച് നമ്മുടെ സംസ്ഥാനത്ത് 13,892 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഇപ്പോൾ ലഭ്യമാണ്. കേരളത്തിൽ ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ച് വൈദ്യുതി വിതരണം നടത്തുന്നതിന് ആവശ്യമായ വൈദ്യുതിയുണ്ട്. ഇതിൽ എണ്ണായിരത്തി പതിനാല് ദശലക്ഷം യൂണിറ്റ് വൈദ്യുതി ആഭ്യന്തര ഉൽപ്പാദനമാണ്. ബാക്കി കേന്ദ്ര ഏജൻസിയിൽനിന്നും കേന്ദ്ര പൂളിൽനിന്നും എൻ.ടി.പി.സി.യിൽ നിന്നുമൊക്കെ വാങ്ങുന്നതാണ്. നമ്മുടെ ജല സംഭരണികൾ എല്ലാം നിറഞ്ഞിരിക്കുന്നു. ജല സംഭര

LIBRARY ARCHIVES Kerala Legislative Assembly

ണികളിൽ വെള്ളം ഇല്ലാതെ വന്നാലുള്ള സാഹചര്യം മുൻകൂട്ടി കണ്ടാണ് എന്ന് പറയാൻ പറ്റുകയില്ല. ജലസംഭരണി മുഴുവൻ നിറയുന്നു, ഇടുക്കിയിൽപോലും ഇനി 49 അടിവെള്ളം കൂടിയായാൽ പൂർണ്ണമായി നിറയുകയാണ്. ഈ കാര്യത്തിലൊക്കെ ഇലക്ട്രിസിറ്റി ബോർഡിനെ ഉപദേശിക്കേണ്ട കളമശ്ശേരിയിലുള്ള വിദഗ്ദ്ധ സ്ഥാപനമായ ലോഡ് ഡെസ്പാച്ച് സെന്റർ ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കണമെന്ന് സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിനോട് ആവശ്യപ്പെട്ടിട്ട് ഒരു മാസം കഴിഞ്ഞു. ഇപ്പോൾ നിലനിൽക്കുന്ന ലോഡ് ഷെഡ്ഡിംഗ് തന്നെ വളരെ വിവേചനപരമാണ്. ജില്ലാ ആസ്ഥാനങ്ങളേയും നഗരങ്ങളേയും ലോഡ് ഷെഡ്ഡിംഗിൽനിന്ന് ഒഴിവാക്കി. ഗ്രാമപ്രദേശത്തുള്ള ജനങ്ങൾ എന്തും സഹിക്കുന്നവരാണ് എന്നൊരു ധാരണ ഇലക്ട്രിസിറ്റി ബോർഡിനുണ്ടെന്ന് എനിക്ക് ഇപ്പോൾ സംശയമുണ്ട്. ഇപ്പോൾ ശനിയും ഞായറും ലോഡ്ഷെഡ്ഡിംഗ് ഒഴിവാക്കുമെന്നാണ് പറയുന്നത്. ഞായറാഴ്ച ഒഴിവാക്കുന്നത് മനസ്സിലാക്കാം. പീക്ക് അവേഴ്സിലുള്ള ഉപയോഗം കുറയും. ശനിയാഴ്ച എന്താണ് പ്രത്യേകത?. ഇതിലൊക്കെ എന്റെ സംശയം, തെരഞ്ഞെടുപ്പു സമയമായതുകൊണ്ട് അല്പമൊന്ന് നീട്ടിക്കൊണ്ടുപോയാൽ തെരഞ്ഞെടുപ്പു വരുമ്പോൾ ലോഡ് ഷെഡ്ഡിംഗ് പിൻവലിച്ചുവെന്ന് പ്രഖ്യാപനം നടത്താൻവേണ്ടിയുള്ള ശ്രമമാണെന്നാണ്. ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽ വരുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട ജനകീയപ്രശ്നത്തോട് ഇങ്ങനെയൊരു സമീപനം സ്വീകരിക്കരുത്. നമുക്ക് വൈദ്യുതി ആവശ്യത്തിന് ലഭ്യമാകുന്ന സാഹചര്യത്തിൽ, ജലസംഭരണികളിൽ ആവശ്യത്തിന് ജലമുള്ള സാഹചര്യത്തിൽ, ലോഡ് ഷെഡ്ഡിംഗ് പൂർണ്ണമായി പിൻവലിക്കണം. ഈ സംസ്ഥാനത്തെ ജനങ്ങളോട് നീതി കാണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, സംസ്ഥാനത്തെ വൈദ്യുതി കേന്ദ്രങ്ങളുടെ സ്ഥാപിതശേഷിയുടെ അപര്യാപ്തതയും പ്രസരണ-വിതരണശൃംഖലയുടെ ശേഷിക്കുറവും മൂലമാണ് പീക്ക് ലോഡ് സമയത്ത് ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടിവന്നത്. വൈദ്യുതി കേന്ദ്രങ്ങളുടെ സ്ഥാപിതശേഷി വർദ്ധിപ്പിച്ചുവെങ്കിലും ബഹുമാനപ്പെട്ട അംഗസ്തി പറഞ്ഞതുപോലെ, പ്രസരണ-വിതരണശേഷി ആവശ്യാനുസരണം വർദ്ധിച്ചിട്ടില്ല. കൂടാതെ സ്ഥാപിതശേഷിയുടെ വർദ്ധനവുമൂലം വോൾട്ടേജ് വർദ്ധനവ് ഉണ്ടായതുകൊണ്ട് സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളിലും അനുബന്ധലൈനുകളിലും അധികം ലോഡ് വഹിക്കേണ്ടതായി വരുന്നു. മേൽപ്പറഞ്ഞ കാരണങ്ങളാലാണ് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാതിരുന്നത്. ജലസംഭരണികളിലെ ജലനിരപ്പിനെ ആശ്രയിച്ചുകൊണ്ട് ലോഡ് ഷെഡ്ഡിംഗ് ക്രമീകരിക്കുവാനാകുകയില്ല. പ്രസരണ-വിതരണശേഷി വർദ്ധിപ്പിക്കുന്നതിന് സമയബന്ധിതമായ പരിപാടികൾ ആവിഷ്കരിച്ചുവരികയാണ്. ഉൽപ്പാദനത്തിലുണ്ടായിട്ടുള്ള വർദ്ധനവ് അനുസരിച്ച് പ്രസരണരംഗത്ത് നമ്മുടെ സിസ്റ്റം വികസിച്ചിട്ടില്ല. സിസ്റ്റത്തിന്റെ അപര്യാപ്തത തുടരുകയാണ്. ഈ കാരണങ്ങൾ വച്ചുകൊണ്ടാണ് ലോഡ് ഷെഡ്ഡിംഗ് പിൻവലിക്കാതിരിക്കുന്നത്. ബോർഡ് അധികൃതരുമായി ഗവൺമെന്റ് ഇത് സംബന്ധിച്ച് ചർച്ച നടത്തിയിരുന്നു. ബോർഡിൽ നിന്നും ലഭിച്ചിട്ടുള്ള വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യം ഇവിടെ വ്യക്തമാക്കുന്നത്. എന്നാൽ ലോഡ് കുറയുന്ന ദിവസങ്ങളെന്നുള്ള നിലയിൽ, ഈ വരുന്ന ജൂലൈ 1-ന് ശേഷം ഒഴിവ്-ദിവസങ്ങളിൽ ലോഡ് ഷെഡ്ഡിംഗ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly